**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1831** **05-07-2022 - ൽ മറുപടിയ്ക്ക്**

**മലപ്പുറം കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . പി . ഉബൈദുള്ള | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം പാതിവഴിയിൽ നിലച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തി സംബന്ധിച്ച് എന്തെല്ലാം തുടർ നടപടികളാണ് വകുപ്പ് തലത്തിൽ സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദീകരിക്കാമോ; | (ബി) | Ground floor-ൽ അത്യാവശ്യ പ്രവൃത്തികൾ ചെയ്ത ശേഷം 01/07/2021 ന് അഡ്മിനിസ്ട്രേറ്റീവ് ഓഫീസിന്റെ പ്രവർത്തനം പുതിയ കോംപ്ലക്സിൽ ആരംഭിച്ചിട്ടുണ്ട്. ബാക്കിയുള്ള പ്രവർത്തികളിൽ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തിയ്ക്ക് കരാറുകാരന് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. ബാക്കി പ്രവൃത്തികൾ ഘട്ടം ഘട്ടമായി ചെയ്ത് തീർക്കുവാൻ തീരുമാനിക്കുകയും ബേസ്മെന്റ് Level-2 floor ആദ്യം ചെയ്യുവാനായി PMC യായ M/s. HLL ന് അനുവാദം നൽകുകയും ചെയ്തിട്ടുണ്ട്. ഇതിനുള്ള ടെണ്ടർ നടപടി ആരംഭിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത പ്രവൃത്തിയിൽ ഇനിയും പൂർത്തീകരിക്കാനുള്ള ജോലികൾ എന്തെല്ലാമാണ്; കരാറുകാരന് നൽകാനുള്ള മുഴുവൻ കുടിശ്ശികയും വിതരണം ചെയ്തിട്ടുണ്ടോയെന്ന് അറിയിക്കുമോ; | (സി) | യാർഡ് ഡെവലപ്പ്മെന്റ്, ബസ് ബേ നിർമ്മാണം, ഇലക്ട്രിഫിക്കേഷൻ, Lift, Fire Safety പ്രവൃത്തികൾ, പ്ലാസ്റ്ററിംഗ്, flooring, yard lighting-ഉം പെയിന്റിംഗ്-ഉം മാണ് ബാക്കിയുള്ള പ്രവൃത്തികൾ. കരാറുകാരൻ മുൻപ് ചെയ്ത് പ്രവൃത്തികളിൽ ബില്ല് സമർപ്പിച്ചവയുടെ കുടിശ്ശിക തുക നൽകിയിട്ടുണ്ട്. പുതുതായി ചെയ്ത പ്രവൃത്തികളുടെ bill നൽകാനുണ്ട്. |
| (ഡി) | പ്രവൃത്തി ആരംഭിച്ച് ആറര വർഷം പിന്നിട്ട സാഹചര്യത്തിൽ കാലതാമസം കൂടാതെ സാങ്കേതിക തടസ്സങ്ങൾ പരിഹരിച്ച് എത്രയും വേഗം പണികൾ പൂർത്തീകരിക്കാൻ നിർദ്ദേശം നൽകുമോ? | (ഡി) | കെ.എസ്.ആർ.ടി.സിയുടെ സാമ്പത്തിക പരാധീനതയാണ് പ്രവൃത്തി പൂർത്തീകരിയ്ക്കുവാൻ കഴിയാത്തതിന്റെ കാരണം. പണി പൂർത്തീകരിക്കുവാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ